**14-06-2022 3 pm ന് ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ റവന്യൂ ഓഫീസർമാരുടെ ആംനസ്റ്റി സ്കീം അവലോകന യോഗ മിനിട്ട്.**

യോഗത്തിൽ പങ്കെടുത്തവരെ അക്കൗണ്ട്സ് മെമ്പർ സ്വാഗതം ചെയ്തു. 04-06-2022 ൽ ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ ആംനസ്റ്റി സ്കീം വിപുലീകരിക്കുന്നതിനും ആകർഷണീയമാക്കുന്നതിനും വേണ്ടി 4 ഗ്രൂപ്പുകൾ രൂപീകരിക്കുകയുണ്ടായി. ഈ ഗ്രൂപ്പുകളെ പ്രതിനിധീകരിച്ച് DyAM മാരായ ശ്രീ. റാഫേൽ,ശ്രീ മുഹമ്മദ് യാസർ,റവന്യൂ ഓഫീസർമാരായ ശ്രീ ജോൺസൺ, ശ്രീ.രാകേഷ് കുമാർ എന്നിവർ അതാതു ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങൾ തഴെ പറയും പ്രകാരം ക്രോഡീകരിച്ചിരിക്കുന്നു.

## Amnesty Scheme

### നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

**ഗാർഹിക ഉപഭോക്താക്കൾക്ക്**

1. വാട്ടർ ചാർജ് കുടിശ്ശികയുടെ പേരിൽ കണക്ഷനുകൾ വിച്ഛേദിക്കപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക് യഥാർത്ഥ വാട്ടർചാർജ്ജിനോടൊപ്പം, സർചാർജ്, ഫൈൻ തുടങ്ങി എല്ലാ ചാർജ്ജുകളുടെയും 20% അടച്ചാൽ കണക്ഷൻ പുനസ്ഥാപിച്ചു നൽകുന്നതാണ്.
2. വിധവകൾ, ഗുരുതരമായരോഗം ബാധിച്ചവർ, സാമ്പത്തികമായിപിന്നോക്കം നിൽക്കുന്നവർ തുടങ്ങിയ ഉപഭോക്താക്കൾക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വാട്ടർചാർജ് മാത്രം ഈടാക്കി കണക്ഷൻ പുനസ്ഥാപിച്ചു നൽകുന്നതാണ്.
3. ബിപിഎൽ വിഭാഗത്തിൽ ഉള്ള ഉപഭോക്താക്കൾക്ക് 15 കിലോലിറ്ററിൽ കൂടുതൽ ഉപഭോഗം വന്നതുമൂലം വന്ന കുടിശ്ശികയുടെ 50% മാത്രം അടച്ചാൽ ബാക്കി തുക ഒഴിവാക്കി നൽകുന്നതാണ്.

അക്കൗണ്ട്സ് മെമ്പറുടെ നിർദ്ദേശം: നിലവിൽ പ്രതിമാസ ഉപയോഗം 15 KLൽ കൂടുതൽ രേഖപ്പെടുത്തിയാൽ യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ഉപയോഗിച്ച മുഴുവൻ കുടിവെള്ളത്തിനും ഗാർഹിക താരിഫിൽ വാട്ടർ ചാർജ് അടക്കേണ്ടതാണ്. ഇക്കാരണത്താൽ ഇത്തരം BPL ഉപഭോക്താക്കളുടെ കുടിശ്ശിക വര് ധിച്ചുവരുകയും പിരിച്ചെടുക്കാൻ ബുദ്ധിമുട്ടുകയും ചെയ്യുന്നു. കുടിശ്ശിക അടക്കുന്നതുവരെ ഇവർക്കു BPL ആനുകൂല്യം ലഭിക്കുന്നില്ല. ഇതിനു പരിഹാരമായി കുടിശ്ശികയുള്ള മാസങ്ങളിൽ (മാർച്ച് 2020 മുതൽ ഓഗസ്റ്റ് 2021 വരെ) പ്രതിമാസം 15 KL വരെ ഒഴിവാക്കി അതിനു മുകളിലുള്ള ഉപഭോഗത്തിനു ഗാർഹിക താരിഫിലെ മിനിമം ചാർജ് ഈടാക്കാവുന്നതാണ്. അതായതു മാർച്ച് 2020 നു മുൻപും ഓഗസ്റ്റ് 2021 ശേഷവും രേഖപ്പെടുത്തിയ ഉയർന്ന ഉപഭോഗത്തിനു നിലവിലുള്ള രീതിയിൽ വാട്ടർ ചാർജ് ഈടാക്കേണ്ടതാണ്

**ഗാർഹികേതര ഉപഭോക്താക്കൾക്ക്**

4. ഗാർഹികേതര ഉപഭോക്താക്കൾക്ക് യഥാർത്ഥ വാട്ടർ ചാർജ്ജിനോടൊപ്പം മറ്റെല്ലാ ചാർജ്ജുകളുടെയും 50% ഈടാക്കി കണക്ഷൻ പുനഃസ്ഥാപിച്ചു നൽകുന്നതാണ്.
5. കോവിഡ് കാലയളവിൽ 01.03.2020 മുതൽ 31.08.2021 വരെ ഗാർഹികേതര കണക്ഷനുകളിൽ ലീക്ക് വന്നിട്ടുണ്ടെങ്കിൽ ഗാർഹിക കണക്ഷനുകൾക്ക് ഇപ്പോൾ നൽകി വരുന്ന ലീക്കേജ് ആനുകൂല്യം നൽകുന്നതാണ്. റീഡിങ് സമയത്തു എടുക്കാൻ സാധിക്കാത്തതിനാൽ ലീക്ക് വിവരം ഉപഭോക്താക്കളെ അറിയിക്കാൻ സാധിച്ചിട്ടില്ല. ലീക്കേജ് സമയത്തെ ബില്ലിങ് കാരണമാണ് അധികരിച്ച (Excess ) ബില്ലുകൾ നല്ലൊരു വിഭാഗം ഗാർഹികേതര ഉപഭോക്താക്കൾക്കും വന്നിട്ടുള്ളത്. വലിയൊരു തുക അടച്ചു കുടിശ്ശിക തീർക്കാൻ സാധിക്കാത്തവർക്ക്, ലീക്ക് പരിഹരിച്ചു പിന്നീട് വാട്ടർ ചാർജ് ബിൽ തുക കുറഞ്ഞിട്ടുണ്ടെങ്കിൽ ഇതേ ആനുകൂല്യം നൽകാവുന്നതാണ്. അല്ലാത്തപക്ഷം ഈ കുടിശ്ശിക ഒരിക്കലും പിരിച്ചെടുക്കുവാൻ സാധിക്കുകയില്ല.
6. ജല അതോറിറ്റിഏറ്റെടുക്കുന്നതിന് മുമ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൊടുത്തിട്ടുള്ള മീറ്റർ ഇല്ലാത്ത

Draft #2 of File KWA/HO/RMC/R3/598/2022 Approved by Managing Director on 20-Jun-2022 04:41 PM - Page 1

ആരാധനാലയങ്ങളിലെ കണക്ഷനുകൾ മിനിമം വാട്ടർ ചാർജ് മാത്രം അടച്ച് പുതിയ മീറ്ററുകൾ സ്ഥാപിച്ചാൽ കണക്ഷനുകൾ ക്രമപ്പെടുത്തി നൽകുന്നതാണ്. അല്ലാത്തവർക്ക് റഗുലേഷൻ അനുശാസിക്കുന്ന പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്.

**എല്ലാ വിഭാഗം ഉപഭോക്താൾക്കും**

7. മൂന്നു വർഷത്തിലധികമായി മീറ്റർ റീഡിങ് ഇല്ലാത്തതും, ബില്ലുകൾ കൊടുക്കാത്തതുമായ ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ് മാത്രം ഈടാക്കി മറ്റ ചാർജ്ജുകൾ ഒഴിവാക്കി നൽകുന്നതാണ്.
8. വെള്ളം കിട്ടാതിരുന്ന കാലയളവിൽ നൽകിയിട്ടുള്ള ബില്ലുകളിലെ വാട്ടർചാർജ്ജിന്റെ 10% മാത്രം ഈടാക്കി ഫൈനും മറ്റും പൂർണമായി ഒഴിവാക്കി നൽകുന്നതാണ്.
9. ഗാർഹിക ആവശ്യങ്ങൾക്ക് മാത്രം കുടിവെള്ളം ഉപയോഗിക്കുകയും തെറ്റായി ഗാർഹികേതരവിഭാഗത്തിൽ ബില്ലുകൾ നൽകിയിട്ടുള്ള ഉപഭോക്താക്കൾക്ക് ആ കാലയളവിൽ ഗാർഹിക വിഭാഗത്തിലുള്ള നിരക്കനുസരിച്ച് ബില്ലുകൾ പുനക്രമീകരിച്ചു നൽകുന്നതാണ്.
10. റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന ഉപഭോക്താക്കൾക്ക് ആവശ്യപ്പെടുന്ന പക്ഷം RR നടപടികൾ പിൻവലിച്ചു ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്. യഥാർത്ഥ വാട്ടർ ചാർജ് അടച്ചാൽ സർച്ചാർജ് പൂർണമായും ഫൈനിൽ 60 % ഒഴിവാക്കി നൽകുന്നതാണ്.
11. വായു പ്രവാഹം മൂലം അധിക ബിൽ വന്ന ഉപഭോക്താക്കൾക്ക് അധികമായി വന്ന വാട്ടർചാർജ് എയർ വാൽവ് ഘടിപ്പിച്ചാൽ ഒഴിവാക്കി നൽകുന്നതാണ്.
12. വാട്ടർചാർജ് അടച്ചുതീർത്ത് കണക്ഷനുകൾ വിച്ഛേദിച്ചിട്ടുള്ളതും എന്നാൽ വിച്ഛേദന ഫീസ് അടക്കാത്തതിൻറ്റ പേരിൽ വാട്ടർചാർജ് കുടിശിക വന്നിട്ടുള്ള ഉപഭോക്താക്കളുടെ കുടിശ്ശിക വിച്ഛേദന ഫീസ് മാത്രം ഈടാക്കി കുടിശ്ശിക തുക ഒഴിവാക്കി നൽകുന്നതാണ്.
13. കണക്ഷൻ നിലനിന്നിരുന്ന സ്ഥലം കൈമാറ്റം ചെയ്യപ്പെട്ട കേസുകളിൽ കണക്ഷൻ ഭൗതികമായി നിലവിൽ ഇല്ലെങ്കിൽ യഥാർത്ഥ വാട്ടർ ചാർജ്ജിന്റെ 10 % മാത്രം ഈടാക്കി കുടിശ്ശിക തുക ഒഴിവാക്കി നൽകുന്നതാണ്.
14. കോടതി വ്യവഹാരങ്ങൾ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്ക് കോടതിക്ക് പുറത്ത് അവരുടെ പരാതികൾ കേട്ട് മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി പരാതികൾ തീർപ്പ് കൽപ്പിക്കുന്നതാണ്.
15. മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കുന്ന കണക്ഷനുകളുടെ കുടിശ്ശികയുടെ 50% ഒരുമിച്ച് അടക്കേണ്ടതും ബാക്കി തുക അടയ്ക്കുന്നതിന് ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന പക്ഷം പരമാവധി അഞ്ചുതവണകൾ അനുവദിക്കുന്നതാണ്. തവണകൾ അനുവദിക്കുന്ന പക്ഷം 12% സാധാരണ പലിശ ഈടാക്കുന്നതാണ്.
16. ഈ ആംനെസ്റ്റി സ്കീമിൽ തവണകൾ അനുവദിക്കപ്പെട്ട ഉപഭോക്താവ് നിർദിഷ്ട തിയതിക്കകം ഏതെങ്കിലും തവണ തുക അടച്ചില്ലെങ്കിൽ ഈ സ്കീമിൽ നിന്നും പുറത്താകും. ഈ വിവരം ഉപഭോക്താവിനെ കത്തുമുഖേന അറിയിക്കേണ്ടതാണ്. തൃപ്തികരമായ മറുപടി ലഭിച്ചില്ല എങ്കിൽ, റവന്യൂ റിക്കവറി ആക്ഷൻ എടുക്കേണ്ടതുമാണ്.
17. ആംനെസ്റ്റി സ്കീമിന്റെ കാലയളവ് പരമാവധി 30 ദിവസം വരെയായിരിക്കും.
18. എല്ലാത്തരം പരാതികൾ തീർപ്പാക്കാനുമുള്ള അധികാരം, തുകയുടെ പരിധി ഇല്ലാതെ ബന്ധപ്പെട്ട EE -മാർക്ക് ഉണ്ടായിരിക്കുന്നതാണ്.

നിർദ്ദേശങ്ങൾ അംഗീകാരത്തിനായി ഗവ.ലേക്ക് സമർപ്പിക്കുമ്പോൾ അത് ഉപഭോക്താക്കൾക്ക് പരമാവധി സഹായം കിട്ടുന്ന തരത്തിലായിരിക്കണമെന്ന് MD നിർദ്ദേശിച്ചു. മാത്രമല്ല ഈ സ്കീം നടപ്പിലാക്കുന്നതിന് മുൻപ് വിപുലമായ അറിയിപ്പ് മാധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് നൽകണമെന്നും MD അറിയിച്ചു.

മീറ്റിങ് 5.30 PM ന് അവസാനിച്ചു.

Draft #2 of File KWA/HO/RMC/R3/598/2022 Approved by Managing Director on 20-Jun-2022 04:41 PM - Page 2

The document is digitally approved. Hence signature is not needed.